തോടുപുര, തൊട്ടിപ്പുര, വിശ്രമമുറികൾ, തോട്ടണ്ടി ഉണക്കാനുള്ള യാർഡുകൾ, ചിമ്മിനികൾ വൃത്തിയുള്ള ബാത്ത്റൂം, തോട്ടണ്ടി സംഭരിക്കാനുള്ള ഗോഡൗണുകൾ, പുതിയ വറുപ്പു മെഷീനുകൾ, പത്ത് ഫാക്ടറികളിലായി 14 ഇലക്ട്രിക് ബോർമകൾ, ശുദ്ധജലം ലഭ്യമാകത്തക്കവിധമുള്ള സംവിധാനങ്ങൾ ആധുനിക ഫ്ളക്സി പാക്കിംഗ് മെഷീനുകൾ, റോസ്റ്റഡ് ആന്റ് സാൾട്ടിംഗ് മെഷീനോടുകൂടിയ ഫ്ളക്സി പാക്കിംഗ് സെന്ററുകൾ, ഹെഡ് ഓഫീസും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണത്തോടു കൂടിയ ഓഫീസും നിർമ്മിച്ചു.

കശുവണ്ടി തൊഴിലാളികളുടെ കുറഞ്ഞ കൂലി

86(2338) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിനും നിലവിലുണ്ടായിരുന്ന കുറഞ്ഞ കൂലിയും പുതുക്കി നിശ്ചയിച്ച നിരക്കും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം വിഭാഗങ്ങളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ വിഭാഗത്തിന്റേയും നിലവിലുണ്ടായിരുന്ന കൂലിയും പുതുക്കി നിശ്ചയിച്ച കൂലിയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 3-1-2011-ലെ സ.ഉ.(കൈ)1/2011/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം കശുവണ്ടി വ്യവസായത്തിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നിലവിലുണ്ടായിരുന്ന കൂലി ഘടനയും പുതുക്കിയ കൂലി ഘടനയും അനുബന്ധമായി ചേർക്കുന്നു*

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം താഴെ ചേർക്കുന്ന മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

1. കശുവണ്ടി വ്യവസായം
2. ടിംബർ & പ്ലൈവുഡ് വ്യവസായം
3. ഓയിൽ മില്ലുകൾ
4. ഓയിൽ പാം
5. ആയുർവേദിക് & അലോപ്പതിക് മരുന്ന് നിർമ്മാണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. ലൈറ്റ് മോട്ടോർ വെഹിക്കിൾ
7. മലഞ്ചരക്ക് വ്യവസായം
8. ആനകളുടെ പരിപാലനവും സംരക്ഷണവും
9. ഓട് വ്യവസായം
10. എൽ.പി. ഗ്യാസ് വിതരണം
11. തോട്ടം മേഖല
12. കടകളും വാണിജ്യ സ്ഥാപനങ്ങളും
13. കാർഷിക പ്രവർത്തന മേഖല
14. റബ്ബർ ക്രേപ്പ് മിൽസ്
15. കൈത്തറി വ്യവസായം [(എ) പീസ് റേറ്റും & ഡെയ്ലി റേറ്റും (ബി) മാസവേതനം.]
16. ഹോസ്റ്റലുകൾ
17. സ്വകാര്യ ആശുപത്രികളും അനുബന്ധ സ്ഥാപനങ്ങളും
18. മൈനർ എഞ്ചിനീയറിംഗ്
19. റൈസ് മിൽ, ഫ്ളോർമിൽ, ദാൽ മിൽ
20. ബ്ലോക്ക് റബ്ബർ ഫാക്ടറികൾ
21. കുട നിർമ്മാണം
22. മത്സ്യ സംസ്കരണം
23. കളള് ചെത്ത്
24. പ്രിന്റിംഗ് പ്രസ്സ്
25. പാറപൊട്ടിക്കൽ, പാറ ഉടയ്ക്കൽ, കെട്ടിടനിർമ്മാണം
26. സിനിമാ തിയേറ്റർ
27. റബ്ബർ അധിഷ്ഠിത വ്യവസായം
28. മെഡിക്കൽ ഷോപ്പിലെ ജീവനക്കാർ
29. ബീഡി വ്യവസായം
30. വസ്ത്ര നിർമ്മാണം
31. കൊപ്ര നിർമ്മാണം

(ഡി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ പിന്നീട് ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly